<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** | **26-07-2021 - ൽ മറുപടിയ്ക്ക്**

<u>പട്ടയഭൂമിയിലെ മരംമുറി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ എം വിൻസെൻറ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് 24.10.2020-ന് റവന്യൂ വകുപ്പ് ഉത്തരവിറക്കിയിരുന്നോ; | (എ) | 1964 ലെ കേരള ഭൂപതിവ് ചട്ടപ്രകാരം പതിച്ചു കൊടുത്ത ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും കിളിർത്തു വരുന്നതുമായ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുമതി നൽകി ഉത്തരവിറക്കിയിരുന്നു. |
| (ബി) | 03.09.2019-ന് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തപ്പോൾ നിലവിലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയ ഭൂമിയിലെ ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവ മുറിക്കാൻ സാധിക്കില്ലെന്നും ഇത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണെന്നും വനം വകുപ്പ് നിലപാട് എടുത്തിരുന്നോ; | (ബി) | 1960 ലെ The Kerala Assignment Act (30 of 1960) ന്റെ കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിന് ശേഷം ടി പട്ടയ സ്ഥലങ്ങളിൽ നട്ടു പിടിപ്പിച്ചവയും സ്വമേധയാ കിളിർത്തു വന്നതുമായ എല്ലാ മരങ്ങളുടേയും അവകാശം പട്ടാദാർക്ക് നൽകുന്നതിനായി സർക്കാർ തീരുമാനിക്കുന്നപക്ഷം, ഇപ്രകാരം ഒരു വിശദീകരണ എസ്.ആർ.ഓ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചു പ്രശ്നം പരിഹരിക്കാവുന്ന താണെന്നാണ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിരുന്നത്. എന്നാൽ 2005 ലെ The Kerala Promotion Of Tree Growth Act ലെ 6-ാം വകുപ്പിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1964 ലെ ചട്ടപ്രകാരം പതിച്ചു കൊടുത്ത ഭൂമിയിൽ കർഷകർ നട്ടു വളർത്തുന്നതും കിളിർത്തു വരുന്നതുമായ ചന്ദനമൊഴികെയുള്ള വൃക്ഷങ്ങൾ അവർക്ക് മുറിക്കുവാൻ അനുമതി നൽകാം എന്നുള്ളതുകൊണ്ടാണ് 24.10.2020 ൽ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | എങ്കിൽ പ്രസ്തുത നിലപാടിന് വിരുദ്ധമായി പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാമെന്ന് റവന്യൂ വകുപ്പ് ഉത്തരവിറക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ; | (സി) | 1960 ലെ The Kerala Assignment Act (30 of 1960) ന്റെ കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിന് ശേഷം ടി പട്ടയ സ്ഥലങ്ങളിൽ നട്ടു പിടിപ്പിച്ചവയും സ്വമേധയാ കിളിർത്തു വന്നതുമായ എല്ലാ മരങ്ങളുടേയും അവകാശം പട്ടാദാർക്ക് നൽകുന്നതിനായി സർക്കാർ തീരുമാനിക്കുന്നപക്ഷം, ഇപ്രകാരം ഒരു വിശദീകരണ |

| | | | |
|---|---|---|---|
| | | | എസ്.ആർ.ഓ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച പ്രശ്നം പരിഹരിക്കാവുന്ന താണെന്നാണ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിരുന്നത്. എന്നാൽ 2005 ലെ The Kerala Promotion Of Tree Growth Act ലെ 6-ാം വകുപ്പിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1964 ലെ ചട്ടപ്രകാരം പതിച്ചു കൊടുത്ത ഭൂമിയിൽ കർഷകർ നട്ടു വളർത്തുന്നതും കിളിർത്തു വരുന്നതുമായ ചന്ദനമൊഴികെയുള്ള വൃക്ഷങ്ങൾ അവർക്ക് മുറിക്കുവാൻ അനുമതി നൽകാം എന്നുള്ളതുകൊണ്ടാണ് 24.10.2020 ൽ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ഡി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കോടികളുടെ മരം മുറി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഡിജിപി യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു അന്വേഷണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ